## ലോക്ഡൗൺ കാലയളവിൽ തൊഴിലാളികൾക്ക് വേതനം നല്കിയില്ലെന്ന കാരണത്താൽ തൊഴിലുടമകൾക്കെതിരെ നടപടിയെടുക്കുന്നത് താല്ക്കാലികമായി തടഞ്ഞു

**സുപ്രീം കോടതി**

W.P. (C) D. No. 10983/2020 Dt. 12.6.2020

ഫൈക്കസ് പാക്സ് പ്രൈവറ്റ് ലിമിറ്റഡ്

x

യൂണിയൻ ഓഫ് ഇന്ത്യ

ഏഴ് സംസ്ഥാനങ്ങളിലായി പതിനൊന്ന് ഫാക്ടറികളുള്ള കമ്പനിയാണ് ഫൈക്കസ് പാക്സ്. കമ്പനിയുടെ ഫാക്ടറികൾ, സംഭരണ കേന്ദ്രങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലായി 176 സ്ഥിരം തൊഴിലാളികളും 939 കരാർ തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. മരുന്നുകൾ, ഭക്ഷ്യ വസ്തുക്കൾ, മുതലായവയുടെ വിതരണ ശൃംഖലയിൽ ഉൾപ്പെട്ടതാണ് കമ്പനി. അപ്രകാരമിരിക്കെ രാജ്യത്താകമാനം അടച്ചുപൂട്ടൽ നടപ്പാക്കിയപ്പോൾ കമ്പനിയുടെ പ്രവർത്തനം തടയപ്പെട്ടില്ലെങ്കിലും പ്രവർത്തനശേഷിയുടെ അഞ്ച് ശതമാനം മാത്രമേ സജീവമായുള്ളൂ. അതിനാൽ കമ്പനി സാമ്പത്തിക പ്രതിസന്ധിയിലായി. സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് എങ്ങനെ കരകയറാമെന്ന് ആശങ്കപ്പെട്ടിരിക്കെ മുഴുവൻ തൊഴിലാളികൾക്കും അടച്ചുപൂട്ടൽ കാലത്ത് പൂർണ്ണ വേതനം നല്കണമെന്ന് കേന്ദ്ര സർക്കാർ ഉത്തരവിട്ടു. ഇതിനെതിരെ കമ്പനി സുപ്രീം കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തുടർന്ന് നിരവധി തൊഴിലുടമകൾ ഇതേ ആവശ്യമുന്നയിച്ചും കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പാലിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നത് നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടും റിട്ട് ഹർജി സമർപ്പിച്ചു. സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് അടച്ചുപൂട്ടൽ കാലയളവിൽ വേതനം നല്കണമെന്ന് ആവശ്യപ്പെടാനോ തൊഴിലുടമകളുടെ മേൽ അധിക സാമ്പത്തിക ഭാരം അടിച്ചേല്പിക്കാനോ ദുരന്തനിവാരണനിയമം കേന്ദ്ര സർക്കാരിന് അധികാരം നല്കുന്നില്ലെന്ന് ഹർജിക്കാർ വാദിച്ചു. വരുമാനമില്ലാതെ ഞെരുങ്ങുന്ന കാലത്ത് ചെയ്യാത്ത ജോലിക്ക് കൂലി നല്കണണെന്ന് ആജ്ഞാപിക്കുന്നത് യുക്തിരഹിതവും അന്യായവുമാണെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി. സമൂഹത്തിലെ താഴെത്തട്ടിൽ കഴിയുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനു വേണ്ടി മേല്പറഞ്ഞ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തങ്ങൾക്ക് അധികാരമുണ്ടെന്ന് കേന്ദ്ര സർക്കാർ വാദിച്ചു. തൊഴിലാളി യൂണിയനുകൾ തൊഴിലാളികളുടെ അവസ്ഥ സുപ്രീം കോടതിയെ ധരിപ്പിക്കുകയും കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ന്യായമാണെന്ന് വാദിക്കുകയും ചെയ്തു. അടച്ചുപൂട്ടൽ നടപടി തൊഴിലുടമകളെയും തൊഴിലാളികളെയും ഒന്നുപോലെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നും ഭാഗികമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കു പോലും സാമ്പത്തിക ഞെരുക്കമാണുള്ളതെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. തൊഴിലാളികളില്ലാതെ വ്യവസായ സ്ഥാപനങ്ങൾക്കോ തൊഴിലുടമകളില്ലാതെ തൊഴിലാളികൾക്കോ നിലനില്പില്ലെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഇരു വിഭാഗവും തമ്മിൽ അനുരഞ്ജന ചർച്ച നടത്തി പ്രശ്നം രമ്യതയോടെ പരിഹരിക്കാൻ ശ്രമിക്കണമെന്ന് നിർദ്ദേശിച്ച സുപ്രീം കോടതി കേസ് പിന്നീട് പരിഗണിക്കുമെന്ന് അറിയിക്കുകയും അതുവരെ തൊഴിലുടമകൾക്കെതിരെ ഇതുമായി ബന്ധപ്പെട്ട് യാതൊരു നിയമ നടപടികളും സ്വീകരിക്കരുതെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നല്കുകയും ചെയ്തു.